LBRD-C4/64/2026-LBRD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലന വകുപ്പ് - ചാക്ക ഐ.ടി.ഐയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി ശരണ്യ രാജ്.യു-ന് പഠനാവശ്യാർത്ഥം ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.548/2026/LBR തീയതി,തിരുവനന്തപുരം, 04-04-2026

---

പരാമർശം:-
1. ചാക്ക ഐ.ടി.ഐയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി ശരണ്യ രാജ്.യു 01/09/2025 -ൽ സമർപ്പിച്ച അവധി അപേക്ഷ.
2. ട്രെയിനിംഗ് ഡയറക്ടറുടെ 27/01/2026-ലെ ഡി.ടി/6211/2025/എ7 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ചാക്ക ഐ.ടി.ഐയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി ശരണ്യ രാജ്.യു, ചാക്ക ഐ.ടി.ഐയിൽ ഫിറ്റർ ട്രേഡ് പഠിക്കുന്നതിനായി 01/09/2025 മുതൽ 31/07/2027 വരെ രണ്ട് വർഷത്തെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷ ശുപാർശ ചെയ്ത് പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ചാക്ക ഗവൺമെന്റ് ഐ.ടി.ഐയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി ശരണ്യ രാജ്.യു-ന് 01/09/2025 മുതൽ 31/07/2027 വരെയുള്ള കാലയളവിൽ കെ.എസ്.ആർ, ഭാഗം I, അനുബന്ധം XII-B-യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി ശരണ്യ രാജ്.യു, ഓഫീസ് അറ്റൻഡന്റ്, ഗവ. ഐ.ടി.ഐ, ചാക്ക (ട്രെയിനിംഗ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.(06/03/2026-ലെ 3430755/LBR-1/52/26-FIN നമ്പർ നോട്ട് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 04-04-2026 15:09:36
സെക്ഷൻ ഓഫീസർ